## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.490 08.08..2017-ൽ മറുപടിയ്ക്ക്

### വാണിജ്യ നികുതി പിരിച്ചെടുക്കൽ

| | ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ജനങ്ങൾ നൽകുന്ന വാണിജ്യ നികുതി സർക്കാർ ഖജനാവിൽ കൃത്യമായി എത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; എങ്കിൽ അതു സർക്കാർ ഖജനാവിൽ എത്തിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. വില വർദ്ധനവിനനുസൃതമായി നികുതി വരുമാനം വർദ്ധിക്കാത്തതുകൊണ്ട് പ്രധാന കച്ചവടക്കാരുടെ റിട്ടേണുകൾ സ്കൂട്ടിണി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് മിഷൻ എറണാകുളം പദ്ധതി 2016-17 ഏർപ്പെടുത്തിയത്. |
| (ബി) | മിഷൻ എറണാകുളം 2016-17 പദ്ധതി പ്രകാരം എത്ര തുകയാണ് ഖജനാവിലേക്ക് പിരിഞ്ഞു കിട്ടിയതെന്നു വ്യക്തമാക്കാമോ; | (ബി) | 2016 ഡിസംബർ 1 മുതൽ 2017 മാർച്ച് 31 വരെ ആകെ പിരിഞ്ഞു കിട്ടിയ തുക 5546.52 കോടി രൂപയാണ്. അഡീഷണൽ ഡിമാന്റിൽ നിന്നു മാത്രമായി 36.92 കോടി രൂപയും പിരിഞ്ഞു കിട്ടി. |
| (സി) | മിഷൻ എറണാകുളം മാതൃകയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വാണിജ്യ നികുതി ഖജനാവിലേക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ജി.എസ്.ടി. നടപ്പിലായ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.